**അറിയിപ്പ്**

<u>നിയമസഭാ സമിതി റിപ്പോർട്ടുകളിന്മേലുള്ള ചർച്ച</u>

<u>മി. സ്പീക്കർ</u>: റൂൾ 50 എടുക്കുന്നതിനുമുമ്പ് ഒരു കാര്യം സഭയെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. നിയമസഭാ സമ്മേളനങ്ങളിൽ അപൂർവ്വമായാണ് നിയമസഭാ സമിതികളുടെ റിപ്പോർട്ട് ചർച്ച ചെയ്യുന്നത്. ഇന്ന് ചട്ടം 205 (ബി) പ്രകാരം നിയമസഭാ സമിതിയുടെ റിപ്പോർട്ട് നമ്മൾ ചർച്ച ചെയ്യുന്നുണ്ട്. ബി.എ.സി.യുടെ തീരുമാനപ്രകാരം ധനകാര്യബില്ലും അനന്തര നടപടിക്രമങ്ങളും അതിനുമുമ്പ് പൂർത്തീകരിക്കേണ്ടതാണ്. അതിന് എല്ലാ അംഗങ്ങളും പരമാവധി സഹകരിക്കണം. സീറോ അവർ, സീറോ അവർ എന്നുള്ള നിലയിൽത്തന്നെ പരിഗണിച്ച് സബ്മിഷനുകളും ശ്രദ്ധക്ഷണിക്കലുകളും ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ പൂർത്തീകരിച്ചാൽ നമുക്ക് സഭാനടപടിക്രമങ്ങൾ കൃത്യമായി പൂർത്തീകരിക്കാൻ സാധിക്കും. സമയം വൈകുമ്പോൾ അസ്വസ്ഥത പ്രകടിപ്പിച്ചിട്ട് കാര്യമില്ല. രാവിലെ 9.30 മുതൽ 10.30 വരെയാണ് സീറോ അവർ. ആ സമയം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ എല്ലാവരും സഹകരിക്കണം.